**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5672** **24/05/2017-ൽ മറുപടിയ്ക്ക്**

## ജീവൻ രക്ഷാ മരുന്നുകൾ

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

എ) ജീവൻ രക്ഷാ മരുന്നുകൾ സർക്കാർ ഉടമസ്ഥതയിലുള്ള ഫാർമസ്യൂട്ടിക്കൽ സ്ഥാപനം മുഖേന നിർമ്മിക്കുന്ന സമഗ്രമായ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) സാധാരണ ജനങ്ങൾക്കായി സർക്കാർ ആശുപത്രികൾ മുഖേന നൽകുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് നൽകിവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വരൂപിക്കുന്ന 30-ഓളം മരുന്നുകൾ കെ.എസ്.ഡി.പി നിലവിൽ ഉല്പാദനം നടത്തി നൽകിവരുന്നു. കൂടുതൽ ഇനം മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നൽകുന്നതിനായി ഒരു നോൺ ബീറ്റാലാക്ടം പദ്ധതി ആവിഷ്കരിച്ച് പണി ആരംഭിക്കുവാൻ പോകുകയാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് 200-ഓളം ജീവൻ രക്ഷാ മരുന്നുകൾ അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും. ട്രാൻസ് പ്ലാന്റ് ശസ്ത്രക്രിയ ചെയ്ത രോഗികൾക്ക് ദൈനംദിനം ആവശ്യമായ മരുന്നുകളും ഈ പദ്ധതി വരുന്നതോടെ കെ.എസ്.ഡി.പി-യിൽ നിർമ്മിക്കാനാകും. ഇത് 90% സബ്സിഡിയായി നൽകാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്.

ഇപ്പോൾ ഉല്പാദനം ആരംഭിച്ച ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റിൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആവശ്യമായ 11 ഇനം കുത്തിവെയ്പ്പ് മരുന്നുകൾ നൽകുവാൻ കഴിയും. ഈ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് മാർക്കറ്റിൽ ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയും.

സെക്ഷൻ ഓഫീസർ